# മൃഗപീഡനത്തിനെതിരെ ആനപ്രേമിസംഘം

തൃശ്ശൂർ: മൃഗപീഡനത്തിനെതിരെ നടപടികൾ ശക്തമാക്കണമെന്ന് ആവശ്യപ്പെട്ട് ആനപ്രേമി സംഘംമൃഗസംരക്ഷണഡയറക്ടർക്ക് നിവേദനം സമർപ്പിച്ചു.

അറവുശാലകളിലേക്കുള്ള യാത്രയിൽ കർശനമായി പാലിക്കേണ്ടതായ നിരവധി നിബന്ധനകൾ 2001 ജൂലായ് 13ന് സംസ്ഥാന മൃഗസംരക്ഷണവകുപ്പ് സെക്രട്ടറി ഡോ. സി. വി. ആനന്ദബോസ് സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും മൃഗസംരക്ഷണഡയറക്ടർമാരുടെ യോഗത്തിൽ രൂപം നൽകിയിരുന്നു. പക്ഷെ, ആ നിബന്ധനകളെല്ലാം ലംഘിച്ചുകൊണ്ടാണ് തമിഴ്നാട്ടിൽ നിന്നും കർണ്ണാടകത്തിൽ നിന്നും തിരുവനന്തപുരം വരെ ലോറികളിൽ തിക്കിനിറച്ചും മർദ്ദിച്ച് നടത്തിയും ചന്തകളിൽ നിന്ന് ചന്തകളിലേക്ക് പീഡനയാത്രകൾ തുടരുന്നത്. ജില്ലകളിൽ കളക്ടർ, ആർ. ടി. ഒ, ഡി. എസ്. പി, മൃഗസംരക്ഷണ ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ മൃഗസംരക്ഷണപീഡന നിവാരണകമ്മിറ്റി ഹൈവേകളിലും ചന്തകളിലും മിന്നൽ സന്ദർശനം നടത്തുവാനും കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികൾ കൈക്കൊള്ളുവാനും അധികാരമുള്ള അത്തരം കമ്മിറ്റികൾ ഒരു വർഷമായിട്ടും പ്രാവർത്തികമാകാതിരിക്കുന്നതിനാൽ അറവുശാലകളിലേക്കുള്ള കന്നുകാലികളുടെ യാത്ര പീഡനമാകുകയാണ്.

വണ്ടി പോകുന്നതിന്റെ എതിർദിശയിലേക്കു മുഖം തിരിച്ച് കന്നുകാലികളെ നിർത്തരുതെന്നും ടെമ്പോകളിൽ അവയെ നിർത്തിയോ കിടത്തിയോ കൊണ്ടുപോകരുതെന്നും വലിയ ലോറികളിൽ ആറെണ്ണത്തിൽ കൂടുതൽ കന്നുകാലികളെ കയറ്റരുതെന്നും കന്നുകാലികളെ കൊണ്ടുപോകുന്ന ആളിന്റെ പേരും വിലാസവും ഇംഗ്ലീഷിൽ എഴുതി വണ്ടിയിൽ പതിക്കണമെന്നും മൃഗങ്ങൾക്കുള്ള തീറ്റയും വെള്ളവും വണ്ടിയിൽ കരുതണമെന്നുമുള്ള നിബന്ധനകൾ ലംഘിക്കുകയാണെന്ന് നിവേദനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.